പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1769** 05.02.2019 ൽമറുപടിയ്ക്ക്

## ഫ്ലാഷ് ലൈറ്റിന്റെ ദുരുപയോഗം

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| | സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വാഹനങ്ങളിലും പോലീസ് വാഹനങ്ങളിലും ഘടിപ്പിച്ചിട്ടുള്ള ഫ്ലാഷ് ലൈറ്റിന്റെ ദുരുപയോഗം 29-4-2017 ലെ സുപ്രീം കോടതി ഉത്തരവ് പ്രകാരം പരിമിതപ്പെടുത്തിയിട്ടുള്ളത് പരിഗണിച്ച് പിങ്ക് പോലീസിന്റേതുൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ഇത്തരത്തിലുള്ള ലൈറ്റുകളുടെ ഉപയോഗത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ;ഇല്ലെങ്കിൽ കാരണം അറിയിക്കുമോ? | | ബീക്കൺ ലൈറ്റുകളുടെ ഉപയോഗം ആംബുലൻസ്, പോലീസ്, ഫയർഫോഴ്സ്, ആർമി മുതലായ അവശ്യ സർവ്വീസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 01.05.2017 ലെ എസ്ഒ 1374 (ഇ) നമ്പർ വിജ്ഞാപന പ്രകാരം ക്രമസമാധാന പാലനത്തിനുള്ള പോലീസ് വാഹനങ്ങൾക്ക് ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. ഇതു പ്രകാരം പിങ്ക് പോലീസിന്റേത് ഉൾപ്പെടെയുള്ള വാഹനങ്ങൾ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുമ്പോൾ അവയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന് അനുമതിയുണ്ട്. |

സെക്ഷൻ ഓഫീസർ